പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1174 03.12.2018 ൽ മറുപടിക്ക്

പ്രളയത്തിൽ തകർന്ന റോഡുകളുടെ പുനർ നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി. തോമസ് | ശ്രീ. ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) 2018-ലെ പ്രളയം സംസ്ഥാനത്തെ റോഡുകളെ എപ്രകാരമാണ് ബാധിച്ചത് എന്ന് വിശദമാക്കാമോ; | എ) പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും വിഭാഗത്തിനു കീഴിൽ ഏകദേശം 20145 കി.മീ റോഡുകൾക്ക് കേടുപാടുകൾ സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ട്. ശക്തമായ മഴയിലുണ്ടായ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, കുത്തൊഴുക്ക്, വെള്ളക്കെട്ട് എന്നിവ മൂലം മലയോരപ്രദേശങ്ങളിൽ റോഡ് ഇടിയുകയും, മണ്ണ് ഇടിഞ്ഞ് റോഡിലേക്ക് വീഴുകയും, റോഡുകൾക്ക് തകർച്ച സംഭവിക്കുകയും സംരക്ഷണഭിത്തികൾ, കലുങ്ക് എന്നിവയ്ക്ക് കേട്പാട് സംഭവിക്കുകയും ചെയ്തു. ചെങ്ങന്നൂർ, കുട്ടനാട്, തിരുവല്ല, പറവൂർ തുടങ്ങിയ ഭാഗങ്ങൾ ദിവസങ്ങളോളം വെള്ളം കയറി മുങ്ങിയ അവസ്ഥയിൽ ആയിരുന്നു. വയനാട്, കോഴിക്കോട്, ഇടുക്കി, കണ്ണൂർ, കോട്ടയം, പാലക്കാട് എന്നീ ജില്ലകളിൽ ഉരുൾപൊട്ടലും മണ്ണിടിച്ചിലും മൂലം ഒട്ടനവധി റോഡുകൾക്ക് തകർച്ച സംഭവിച്ചു. സംസ്ഥാനത്തെ മറ്റു ഭാഗങ്ങളിലെ ശക്തമായ മഴയെത്തുടർന്ന് റോഡിന്റെ ഉപരിതലം തകർന്ന് കുഴികൾ രൂപപ്പെടുകയും റോഡിന്റെ ഭാഗങ്ങൾ മുഴുവനായോ ഭാഗികമായോ ഒലിച്ചുപോയ അവസ്ഥയും ഉണ്ടായിട്ടുണ്ട്. ഇടുക്കി, പാലക്കാട്, തൃശ്ശൂർ, എറണാകുളം, പത്തനംതിട്ട ജില്ലകളിൽ പാലങ്ങൾക്ക് തകർച്ച ഉണ്ടായിട്ടുണ്ട്.<br>ദേശീയപാത വിഭാഗത്തിൻ കീഴിൽ വിവിധ ഭാഗങ്ങളിലായി 580.51 കി.മീ റോഡുകൾക്കും , ദേശീയപാത 185 ൽ വരുന്ന ചെറുതോണി ബ്രിഡ്ജ്, ദേശീയപാത 66 ൽ |

വരുന്ന കാരംകോട് ബ്രിഡ്ജ്, ദേശീയപാത 744 ൽ വരുന്ന കോയിക്കൽ ബ്രിഡ്ജ് എന്നിവയ്ക്കും ഭാഗികമായ തകരാറുകൾ സംഭവിച്ചിട്ടുണ്ട്.

കെ. എസ്.ടി.പി യുടെ കീഴിൽ വരുന്ന ഇരിട്ടി - നെടുംപോയിൽ റോഡ് -0/00 നം 20/460 നം ഇടയിൽ വിവിധ സ്ഥലങ്ങളിൽ കേടുപാടുകൾ സംഭവിച്ചു. തലശ്ശേരി - വളവുപാറ റോഡ് കി.മീ 32/875 നം 51/350 നം ഇടയിൽ 8 സ്ഥലങ്ങളിലായി മണ്ണിടിച്ചിലുണ്ടായി. ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ്, തിരുവല്ല മാവേലിക്കര റോഡ് എന്നിവയ്ക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. മുത്തോലി-കൊഴുവനാൽ റോഡിൽ മുത്തോലി പാലത്തിന്റെ അബട്ട്മെന്റിനും സംരക്ഷണ ഭിത്തിക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. പാലാ - ഈരാറ്റുപേട്ട റോഡിൽ അബട്ട്മെന്റിനും സംരക്ഷണ ഭിത്തിക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്.

ബി) തകർന്ന റോഡുകൾ നന്നാക്കുന്നതിന് എന്ത് തുക ചെലവാകും എന്നാണ് കണക്കാക്കുന്നത്;

ബി) പൊതുമരാമത്ത് നിരത്തു വിഭാഗത്തിന് കീഴിൽ റോഡുകളുടെ അടിയന്തര അറ്റകുറ്റ പണികൾക്കായി **955.15** കോടി രൂപയും ഉപരിതലം പുതുക്കി ഗതാഗത യോഗ്യമാക്കുന്നതിന് **6591** കോടി രൂപയും ഡിസൈൻ റോഡുകളുടെ നിർമ്മാണത്തിന് **5975** കോടി രൂപയും ദേശീയപാതകൾക്കായി **911.75** കോടി രൂപയും ചെലവാകും എന്നാണ് കണക്കാക്കിയിട്ടുള്ളത്. KSTP യുടെ കീഴിൽ ആലപ്പുഴ-ചങ്ങനാശ്ശേരി റോഡ്-10.65 കോടി, തിരുവല്ല മാവേലിക്കര റോഡ്-1.92 കോടി, മുത്തോലി-കൊഴുവനാൽ റോഡ്-45 ലക്ഷം രൂപ, പാലാ-ഈരാറ്റുപേട്ട റോഡ്-4.5 ലക്ഷം രൂപ, ഇരിട്ടി - നെടുംപോയിൽ റോഡ് മെയിന്റനൻസ് കാലാവധിയിൽ ആയതിനാൽ കരാറുകാരൻ അറ്റകുറ്റ പണി നടത്തി റോഡ് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്, തലശ്ശേരി - വളവുപാറ റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ നടന്നു വരുന്നതിനാൽ സംരക്ഷണ ഭിത്തി നിർമ്മാണം അതേ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| സി) | തകർന്ന ദേശീയ പാതകൾ പുനർനിർമ്മിക്കുന്നതിന് കേന്ദ്രം പണം അനുവദിച്ചിട്ടുണ്ടോ : വിശദാംശം നൽകുമോ; | സി) | തകർന്ന ദേശീയപാതകൾ പുനർ നിർമ്മിക്കുന്നതിന് വാർഷിക പദ്ധതി (Annual Plan) 2018-19 ൽ ഉൾപ്പെടുത്തി **206.85** കോടി രൂപയുടെ വിഹിതം നീക്കി വച്ചിട്ടുള്ളതും, ആനുൽ റിന്യൂവൽ പ്രോഗ്രാം (Annual Renewal Programme) 2018-19ൽ ഉൾപ്പെടുത്തി **74.50** കോടി രൂപയുടെ വിഹിതവും സംസ്ഥാനത്തിന് നീക്കി വച്ചിട്ടുള്ളതാകുന്നു. ബാക്കിയുള്ള **630.40** കോടി രൂപയുടെ പ്രവൃത്തികൾക്കായി വാർഷിക പദ്ധതി 2018-19 ഘട്ടം രണ്ടിൽ ഉൾപ്പെടുത്തി കേന്ദ്ര മന്ത്രാലയത്തിന് സമർപ്പിച്ചിരുന്നു. എന്നാൽ ആനുൽ റിന്യൂവൽ പ്രോഗ്രാം 2019-20 ന്റെ കേരളത്തിന്റെ വിഹിതമായി **178** കോടി രൂപ നീക്കി വച്ചിട്ടുള്ളതായി കേന്ദ്ര മന്ത്രാലയം അറിയിച്ചതനുസരിച്ച് വാർഷിക പദ്ധതി ഘട്ടം രണ്ടിൽ നൽകിയ പ്രവൃത്തികളിൽ നിന്നും **178** കോടി രൂപയുടെ പദ്ധതികൾ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| ഡി) | കേന്ദ്ര സർക്കാർ പണം അനുവദിച്ചില്ലെങ്കിൽ സംസ്ഥാന സർക്കാർ പണം ഉപയോഗിച്ച് ദേശീയ പാതകൾ പുനരുദ്ധീകരിക്കുന്നതിന് പദ്ധതി ഉണ്ടോ; | ഡി) | സംസ്ഥാന സർക്കാരിന് പ്രസ്തുത ഉദ്ദേശത്തിന് ലഭ്യമായ പണം ഉപയോഗിച്ച് ദേശീയപാതകൾ പുനരുദ്ധീകരിക്കുന്നതിനുള്ള അടിയന്തര നടപടികൾ തുടർന്ന് വരികയാണ്. |
| ഇ) | സംസ്ഥാനത്തെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റോഡുകൾ നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | ഇ) | നിരത്ത് വിഭാഗത്തിനു കീഴിൽ സംസ്ഥാനത്തെ കാലാവസ്ഥയ്ക്ക് അനുയോജ്യമായ റോഡുകൾ നിർമ്മിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br>ദേശീയപാത വിഭാഗത്തിൽ ഇന്ത്യൻ റോഡ് കോൺഗ്രസ്സ് അനുശാസിക്കുന്ന പ്രകാരം ടാറിംഗിലെ നൂതന സാങ്കേതിക വിദ്യകളായ ബിറ്റുമിനസ് മെക്കാഡം, ഡെൻസ് ബിറ്റുമിനസ് മെക്കാഡം, ബിറ്റുമിനസ് കോൺക്രീറ്റ് എന്നിവ റബ്ബറൈസ്ഡ് ബിറ്റുമിൻ ഉപയോഗിച്ചാണ് ദേശീയപാത വിഭാഗത്തിൽ റോഡ് നിർമ്മാണം നടത്തുന്നത്. കൂടാതെ നിലവിലെ നൂതന സാങ്കേതിക വിദ്യകളും മറ്റും റോഡ് നിർമ്മാണത്തിൽ ഉപയോഗിക്കുവാൻ സാധിക്കും വിധം ദേശീയപാതാ വിഭാഗത്തിൽ കരാറുകൾ ഇ.പി.സി വ്യവസ്ഥയിലും നടപ്പിലാക്കി വരുന്നുണ്ട്. ഈ വ്യവസ്ഥയിൽ നടപ്പിലാക്കുമ്പോൾ നൂതന സാങ്കേതിക വിദ്യകളും ലഭ്യമായിട്ടുള്ള ആധുനിക നിർമ്മാണ |

സാമഗ്രികളും നിർമ്മാണത്തിനു ഉപയോഗിക്കുവാൻ കരാറുകാരന് സ്വാതന്ത്ര്യം നൽകുന്ന വ്യവസ്ഥകളുണ്ട്. മേൽപ്പറഞ്ഞ കാര്യങ്ങൾ ഉൾപ്പെടുത്തുന്നതിനാൽ നിർമ്മിച്ചിട്ടുള്ള റോഡുകളുടെ സ്ഥിതി മെച്ചപ്പെട്ടതാകുന്നുണ്ട്.

എഫ്) തകർന്ന റോഡുകൾ എന്നത്തേക്ക് പൂർവ്വ സ്ഥിതിയിലാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഇതിനായി പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ?

എഫ്) ഹ്രസ്വകാല പദ്ധതികളിൽ ഉൾപ്പെടുത്തി റോഡുകളുടെ അറ്റകുറ്റ പണികൾ ഈ സാമ്പത്തിക വർഷം തന്നെ പൂർത്തിയാക്കുന്നതാണ്. പുനർ നിർമ്മാണത്തിന്റെ ഭാഗമായി ഉപരിതലം പുതുക്കുന്നതിന് **106** റോഡ് പ്രവൃത്തികൾക്ക് **239.69** കോടി രൂപയുടെ ഭരണാനുമതി **G.O(Rt) No. 1842/2018/PWD dtd 27.11.2018** പ്രകാരം നൽകിയിട്ടുണ്ട്. ഭരണാനുമതി ലഭിച്ചിട്ടുള്ളവ ടെണ്ടർ ചെയ്ത് പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതുമാണ്. കൂടാതെ **G.O(Rt) No. 1309/2018/PWD dtd 21.08.2018** പ്രകാരം **1000** കോടി രൂപ പ്രളയപുനർ നിർമ്മാണത്തിനായി നീക്കി വച്ചിട്ടുണ്ട്. അപ്രകാരം ഉൾപ്പെടുത്തേണ്ട പ്രവൃത്തികളുടെ ലിസ്റ്റിൻമേൽ അടിയന്തര തുടർ നടപടി സ്വീകരിച്ചു വരികയാണ്. പ്രവൃത്തികൾക്ക് ഭരണാനുമതിക്കായി നടപടി സ്വീകരിച്ചു വരുന്നു. രണ്ട് വർഷത്തിനുള്ളിൽ എല്ലാ റോഡുകളും പൂർവ്വ സ്ഥിതിയിലാക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ദേശീയപാത വിഭാഗത്തിന് കീഴിലുള്ള റോഡുകൾ കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിൽ നിന്ന് സാങ്കേതികാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തികൾ പൂർത്തീകരിക്കാവുന്നതാണ്.

KSTP യ്ക്ക് കീഴിലുള്ള പ്രവൃത്തികൾ **2019** മാർച്ച് മാസത്തോട് കൂടി പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ